**ക്രമപ്രശ്നം**

**പൊതു കടം വർദ്ധിച്ചത് സംബന്ധിച്ച്**

മി.സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അങ്ങയുടെ ക്രമപ്രശ്നം ദയവായി ....

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, Rules 303 അനുസരിച്ച് എനിക്കൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനാണ് ഞാൻ നിൽക്കുന്നത്. ഇന്ന് രാവിലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി....

മി.സ്പീക്കർ: ധനകാര്യം സംബന്ധിക്കുന്ന വോട്ട് ഓൺ അക്കൗണ്ട് സമയത്ത് അങ്ങേയ്ക്ക് ഉന്നയിക്കാവുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ഒന്ന് പറഞ്ഞോട്ടെ. ഞാൻ ഒരു ചോദ്യം ചോദിച്ചപ്പോൾ ധനകാര്യവകുപ്പ് മന്ത്രി 'absurd' എന്നാണ് പറഞ്ഞത്. അത് എന്നെ വളരെ വേദനിപ്പിച്ചു. കാരണം അദ്ദേഹം ഈ നിയമസഭയിൽ അവതരിപ്പിച്ച Budget in brief-ൽ Table A(11)-ൽ 2015-16-ൽ സംസ്ഥാനത്തിന്റെ പൊതുകടം 28%. അത് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ്. 2017-18-ൽ 38.51%. അപ്പോൾ ഇവ തമ്മിലുള്ള വ്യത്യാസം 10 ശതമാനം. അദ്ദേഹം പറഞ്ഞത് ഞാൻ ആളുകളെ

പേടിപ്പിക്കരുതെന്നാണ്. ഞാനല്ല പേടിപ്പിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ് പേടിപ്പിച്ചത്. ഈ പൊതുകടം വർദ്ധിപ്പിച്ച്....(ബഹളം)... അത് ഞാൻ പറഞ്ഞത്, absurd എന്നാണ് അദ്ദേഹം പറഞ്ഞത്. വാക്കുകൾ വളരെ സൂക്ഷിച്ച് ഉപയോഗിക്കണം. ഇത് നിയമസഭയാണ്. ഞാൻ പ്രതിപക്ഷ നേതാവെന്നുള്ള നിലയിൽ ഉത്തരവാദിത്വബോധത്തോടുകൂടി Budget in brief-ൽ പറഞ്ഞ കാര്യങ്ങളാണ് ഇന്നലെയും ഇന്നും ഉന്നയിച്ചത്. അത് ഞാൻ സഭയെ തെറ്റിദ്ധരിപ്പിക്കാനല്ല. ആരെയും പേടിപ്പിക്കാനല്ല. അദ്ദേഹം ഈ നിയമസഭയിൽ സമർപ്പിച്ച ഡോക്യുമെന്റ് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം 2015-16-ലെ യു.ഡി.എഫ്. ഗവൺമെന്റ് കാലത്തെ പൊതുകടമായ 28%-ത്തിൽ നിന്ന് 10% വർദ്ധിച്ചുവെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ പറഞ്ഞത് absurd ആണോ? അപ്പോൾ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കുറേക്കൂടി മര്യാദയോടുകൂടി സംസാരിക്കേണ്ടതാണ്.

മി.സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് vote on account-ന്റെ സമയത്ത് ഇതിനുള്ള മറുപടി പറഞ്ഞാൽ പോരേ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): മതി.